കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കു നൽകിവരുന്ന ഭവന നിർമ്മാണ വായ്പ നിറുത്തിവച്ചതായി വാർത്ത

*562 [611] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

,, ടി. പി. പീതാംബരൻ മാസ്റ്റർ:

,, തച്ചടി പ്രഭാകരൻ:

,, വി. സി. കബീർ:

,, വി. എം. സുധീരൻ:

,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് നൽകിവരുന്ന ഭവന നിർമ്മാണ വായ്പ നിറുത്തിവെച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർത്തിവെക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കു നൽകിവരുന്ന ഭവന നിർമ്മാണ വായ്പ നിറുത്തിവച്ചിട്ടില്ല. ഭവന നിർമ്മാണ വായ്പ ഇപ്പോഴും നൽകിവരുകയാണ്.

(ബി) ഉദിക്കുന്നില്ല.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ കൊടുക്കാൻ നടപടി

*563 [613] ശ്രീ. കെ. പി. വിശ്വനാഥൻ:

,, കെ. മുഹമ്മദാലി:

,, കെ. പി. നൂറുദ്ദീൻ:

,, എ. [redacted] ശശീന്ദ്രൻ:

,, എം. എം. ഹസ്സൻ:

,, സിറിയക്ക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യ ബന്ധനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ കൊടുക്കുവാൻ ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു നടപ്പിലാക്കി തുടങ്ങിയോ?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ, ബി) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികളും ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

ബസ്സുകളിൽ വാതിലിനു സമീപം ഡെസ്റ്റിനേഷൻ ബോർഡ്

*564 [614] ശ്രീ. സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടി വാതിലിനു സമീപം ഡെസ്റ്റിനേഷൻ ബോർഡ് വയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

പരിഗണിക്കുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികൾക്കു നേരിടുന്ന കാലതാമസം

*565 [615] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, സി. ബി. സി. വാര്യർ:
,, പി. കെ. ചന്ദ്രാനന്ദൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981 ജൂൺ മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൻെറ ദുരിതാശ്വാസ നടപടിക്രമങ്ങളുടെ കാലതാമസം മൂലം ഇതുവരെയ്ക്കും ആശ്വാസം ലഭിച്ചിട്ടില്ലാത്തവരുണ്ടെന്നു വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് ആവശ്യമായ സഹായം നൽകുന്നതിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ, ബി) വീടു നഷ്ടപ്പെട്ട ഏതാനും പേർക്ക് അനേക്ഷണം പൂർത്തിയാകാത്തതിനാൽ ധനസഹായം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവർക്ക് എത്രയും വേഗം ധനസഹായം നൽകാൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly